"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കോഴിക്കോട് കോർപ്പറേഷനിൽ ആന്റി മൊസ്കിറ്റോ വർക്കർ - മരണപ്പെട്ട രമേഷ് ബാബു കെ യുടെ മകൻ ശ്രീ.ശരത്ത് കെ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.12/2024/LSGD തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ (പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീ.ശരത് കെ.സമർപ്പിച്ച 02.06.2022 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. തദ്ദേശ സ്വയംഭരണ (അർബൻ) ഡയറക്ടറുടെ 26.09.2022 ലെ DUA/9200/2022-E4 നമ്പർ കത്ത്
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 19.12.2023 തീയതിയിലെ DCKKD/11477/2022-S4 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽ ആന്റി മൊസ്കിറ്റോ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 15.09.2021 തീയതിയിൽ മരണപ്പെട്ട കെ.രമേഷ് ബാബു-ന്റെ മകൻ ശ്രീ.ശരത്ത് കെ (കുട്ടസംകണ്ടി ഹൗസ്, തിരുത്തിവളപ്പ്, പയ്യനക്കൽ, കല്ലായി പി.ഒ, കോഴിക്കോട് - 673003) പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കെ.രമേഷ് ബാബുവിന്റെ സേവനകാലം 27 വർഷവും 02 മാസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 10.04.1963, 14.07.1994 ആണ്. നഗരകാര്യ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 4,5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.ശരത്.കെ 10-ാം ക്ലാസ്സ് വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 07.01.1991 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (02.06.2022) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി കെ.രമേഷ് ബാബു-ന്റെ ആശ്രിതരിൽ മറ്റാരും

തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.ശരത്ത്.കെ.യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ശ്രീ.ശരത്ത്. കെ.യുടെ കുടുംബ വാർഷിക വരുമാനം 2,18520/- രൂപയാണെന്ന് (രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി ഇരുപത് രൂപ മാത്രം) പന്നിയങ്കര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 2 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും അത് ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രവും ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.ശരത്.കെ, കോഴിക്കോട് ജില്ലയിൽ ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷനിൽ ആന്റി മൊസ്കിറ്റോ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 15.09.2021 തീയതിയിൽ മരണപ്പെട്ട കെ.രമേഷ് ബാബു-ന്റെ മകൻ ശ്രീ.ശരത്ത് കെ. യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/ പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷന്

ജില്ലാ കളക്ടർ , കോഴിക്കോട്.

ശ്രീ.ശരത്ത് കെ, കുട്ടസംകണ്ടി ഹൗസ്, തിരുത്തിവളപ്പ്, പയ്യനക്കൽ, കല്ലായി പി.ഒ, കോഴിക്കോട് - 673003

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തൃശ്ശൂർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു1/350/2022-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-01-2024 14:48:30
സെക്ഷൻ ഓഫീസർ